'ഭരണഭാഷ മാതൃഭാഷ'',

# വ്യാവസായിക പരിശീലനവകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ : എഫ്3/13210/2016

ശാന്തിനഗർ, തിരുവനന്തപുരം - 01
തീയതി : 13/05/2016

## <u>ചുറ്ററിയിപ്പ്</u>

വിഷയം: വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ്- ലോക നൈപുണ്യദിനാചരണത്തോടനുബന്ധിച്ച് സംസ്ഥാനതല എക്സിബിഷൻ സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) 19/04/2016 ലെ MSDE(DGT) 07/14/16 -CD നമ്പർ കത്ത്

മേൽ സൂചന കത്ത് പ്രകാരം ലോക യുവ നൈപുണ്യദിനാചരണത്തിന്റെ ഭാഗമായി ജൂലൈ 11 മുതൽ 15 വരെ ഭാരതീയ നൈപുണ്യവാരാചരണം ന്യൂഡൽഹിയിൽ സംഘടിപ്പിക്കാൻ തീരുമാനമായിട്ടുണ്ട്. ഇതിനോടനുബന്ധിച്ച പരിപാടികളുടെ ഭാഗമായി ട്രെയിനികളുടെ മോഡലുകളുടെയും, ഉൽപന്നങ്ങളുടെയും ഒരു പ്രദർശനം സംസ്ഥാന തലത്തിൽ സംഘടിപ്പിക്കേണ്ടതുണ്ട്.

സംസ്ഥാനതല പ്രദർശനത്തിന് മുന്നോടിയായി ഓരോ ഐ.ടി.ഐയിൽ നിന്നും ഏറ്റവും മികച്ച ഒരു മോഡൽ കണ്ടെത്തേണ്ടതും ഇവ ജില്ലാതലത്തിൽ നോഡൽ ഐ.ടി.ഐയിൽ വച്ച് നടത്തുന്ന മത്സരത്തിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഇത്തരത്തിൽ ഓരോ ജില്ലയിൽ നിന്നും ഏറ്റവും മികച്ച 3 ൽ കൂടാതെ മോഡലുകൾ തിരഞ്ഞെടുത്ത് സംസ്ഥാന തല പ്രദർശനത്തിന് അയക്കേണ്ടതുമാണ്. ജില്ലാതല മത്സരം അതാത് ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗിന്റെ മേൽ നോട്ടത്തിൽ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാളും, 3 ഗവൺമെന്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാരും, 3 പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാരും ഉൾപ്പെടുന്ന ഒരു സമിതി വിലയിരുത്തേണ്ടതാണ്. അതാത് ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗ് ജില്ലാതല മത്സരത്തിന്റെ തീയതി കണ്ടെത്തി പ്രവർത്തനം ഏകോപിപ്പിക്കേണ്ടതാണ്. ഏറ്റവും മികച്ച സംസ്ഥാന തല മാതൃകയുടെ വിവരങ്ങൾ ജൂലൈ 15 ന് ന്യൂഡൽഹിയിൽ നടക്കുന്ന ചടങ്ങിൽ ഉൾപ്പെടുത്തുന്നതാണ്.

Rajesh R

**ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി**

സ്വീകർത്താവ്:- എല്ലാ ഗവ:ഐ.ടി.ഐ/പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
സ്ഥാപന മേധാവികൾക്കും (വകുപ്പ് വെബ്സൈറ്റ് മുഖേന)

എൻ/17/05/16